3754
31/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ - കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 205/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 30.03.2015.

==========================================================================

പരാമർശം:- 1. 02.02.2015-ലെ സ.ഉ. (സാധാ) നം. 55/2015/സാ.നീ.വ. നമ്പർ ഉത്തരവ്.
2. 25.03.2015-ലെ സ.ഉ. (സാധാ) നം.171/2015/സാ.നീ.വ. നമ്പർ ഉത്തരവ്.
3. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സെക്രട്ടറിയുടെ 05.01.2015, 25.03.2015 തീയതികളിലെ 898/ഭരണം/2014/കേ.സം.ബാ.സം.ക. നമ്പർ കത്തുകൾ.

ഉത്തരവ്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലെ പോക്സോ ഡിവിഷന്റെ ഉപയോഗത്തിനായി 8 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സിഗ്മാ സൊല്യൂഷൻസിൽ നിന്നും വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എക്സൈസ് ഡ്യൂട്ടിയിലും അനുബന്ധ ഉപകരങ്ങളുടെ വിലവർദ്ധനയും കാരണം ടി തുകയിന്മേൽ 4% വർദ്ധനവ് വരുത്തി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് പരാമർശം (2) പ്രകാരവും സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

2. കമ്മീഷനിൽ ഡിജിറ്റൽ ഡോക്കുമെന്റേഷനും ഫയൽ കൈമാറ്റ സംവിധാനവും നടപ്പിലാക്കുന്നതിന്റെ ഭാഗമായി 6 കമ്പ്യൂട്ടറുകളും പ്രിന്ററുകളും ആവശ്യമാണെന്നും ഇവ "2235-02-102-53-05-ഓഫീസ് എക്സ്പെൻസസ്-04-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ നിന്നുള്ള തുക ഉപയോഗിച്ചും ആർ.റ്റി.ഇ. സെല്ലിന്റെ ഉപയോഗത്തിനായി 2 കമ്പ്യൂട്ടറുകളും പ്രിന്ററുകളും സർവ്വശിക്ഷാ അഭിയാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും ടെണ്ടർ നൽകി 6 മാസം കഴിഞ്ഞതിനാൽ എക്സൈസ് ഡ്യൂട്ടിയിലുണ്ടായ വർദ്ധനവ്, സാധന സാമഗ്രികളുടെ

വിലയിലുണ്ടായ വർദ്ധനവ് എന്നിവ കണക്കിലെടുത്ത് ടെണ്ടർ തുകയുടെ 4% വർദ്ധിച്ച തുക അധികം നൽകിയാൽ മാത്രമേ കമ്പ്യൂട്ടറുകളും പ്രിന്ററുകളും വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് സിഗ്മാ സൊല്യൂഷൻസ് അറിയിച്ചിട്ടുണ്ടെന്നും പരാമർശ കത്തുകൾ പ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സെക്രട്ടറി അറിയിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആവശ്യത്തിലേയ്ക്ക് സിഗ്മാ സൊല്യൂഷൻസിൽ നിന്നും 8 കമ്പ്യൂട്ടറുകളും പ്രിന്ററുകളും ടെണ്ടർ തുകയുടെ 4% വർദ്ധിപ്പിച്ച തുകയ്ക്ക് "2235-02-102-53-05-ഓഫീസ് എക്സ്പെൻസസ്-04-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ശ്രീഗണേശ്, റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ, തിരുവനന്തപുരം - 695 034.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. സ്റ്റോർ പർച്ചേസ് വകുപ്പ് (16.03.2015-ലെ അനൗദ്യോഗിക കുറിപ്പ് നം. 501/എ2/15/എസ്.പി.ഡി. പ്രകാരം).
6. വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.